"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ് — ഹോമിയോപ്പതി - പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി. സജിത കെ.സി., ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത റ്റി.എ. നം.826/2013-ന്മേലുള്ള 16.10.2018-ലെ ഉത്തരവ് നടപ്പിലാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയുഷ് (ബി) വകുപ്പ്

സ.ഉ.(കൈ) നം.11/2022/AYUSH    തീയതി,തിരുവനന്തപുരം, 01-04-2022

പരാമർശം:- 1. സ.ഉ.(അച്ചടി) നം.501/2005/ധന. തീയതി: 25.11.2005.
2. സ.ഉ.(അച്ചടി)നം.61/2010/ധന തീയതി: 09.02.2010.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ റ്റി.എ. നം.826/2013 [ബഹു കേരള ഹൈക്കോടതിയുടെ റിട്ട് ഹർജി(സി)നം.6392/07] -ന്മേലുള്ള 16.10.2018-ലെ ഉത്തരവ്
4. ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 06.12.2018, 27.11.2018, 11.02.2022 എന്നീ തീയതികളിലെ 2500/EB1/2007/DH നമ്പർ കത്തുകൾ.

ഉത്തരവ്

ഹോമിയോപ്പതി വകുപ്പിൽ പെരുങ്കടവിള വടക്കേക്കര സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. സജിത കെ. സി.യെ സ്ഥിരപ്പെടുത്തണമെന്നാ വശ്യപ്പെട്ടുക്കൊണ്ട് ടിയാൾ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ റ്റി.എ. നം.826/2013 പ്രകാരം കേസ് ഫയൽ ചെയ്തിരുന്നു.

2. ശ്രീമതി സജിത കെ. സി., ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത റ്റി.എ. നം.826/2013-ന്മേലുള്ള 16.10.2018-ലെ ഉത്തരവ് പ്രകാരം രണ്ടാം എതിർകക്ഷിയായ ഹോമിയോപ്പതി ഡയറക്ടർ, പാർട്ട് ടൈം സ്വീപ്പറായി സ്ഥിരപ്പെടുത്തണമെന്ന ശ്രീമതി സജിത കെ.സി.-യുടെ ആവശ്യം 25/11/2005 തിയ്യതിയിലെ സ.ഉ(പി)നം.501/2005/ധന -യുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ പ്രൊപ്പോസൽ ഒരു മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും മേൽ പ്രൊപ്പോസൽ ഒന്നാം എതിർ കക്ഷിയായ ആയുഷ് സെക്രട്ടറി പരിശോധിച്ച് മുന്ന് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

3. പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർ ആയ ശ്രീമതി സജിത കെ. സി., 26.7.2004 മുതൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്നതായും ശ്രീമതി സജിത കെ. സി. സ്ഥിരനിയമനം നൽകണമെന്ന ആവശ്യവുമായി ഹൈക്കോടതിയെ സമീപിക്കുകയും 26.2.2007 ലെ റിട്ട് ഹർജി(സി)നം.6392/2007 നം. ഉത്തരവു പ്രകാരം മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ശ്രീമതി സജിതയ്ക്ക് ഈ ഡിസ്പെൻസറിയിൽ

കാഷ്വൽ സ്വീപ്പറായി ജോലിയിൽ തുടരുവാൻ ഉത്തരവാകുകയും ചെയ്തിട്ടുള്ളതായും, പരാമർശം (1), (2) ഉത്തരവുകളിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ടിയാൾക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള യോഗ്യത ഉള്ളതായും, ടിയാൾ ജോലിയിൽ പ്രവേശിച്ച 26.7.2004 മുതൽ സ്ഥിരപ്പെടുത്താവുന്നതാണെന്നും ഹോമിയോപ്പതി ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3)ലെ ഉത്തരവിന്റെ വെളിച്ചത്തിലും ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാമർശം (1), (2) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി സജിത കെ.സി.-യെ 26.7.2004 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയും പരാമർശം (3)ലെ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

ഹോമിയോപ്പതി വകുപ്പ് ഡയറക്ടര്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീമതി സജിത കെ.സി., (ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ മുഖാന്തരം)
ജില്ലാ മെഡിക്കലാഫീസര് (ഹോമിയോ), തിരുവനന്തപുരം.
പ്രിന്സിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിന്സിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (നം. 1068652/HLT-B2/5/2019-FIN തീയതി: 30.01.2019.)
പൊതുഭരണ (എസ്.സി) വകുപ്പ്( 30/03/2022 ലെ ഇനം.നം.641)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by T Lekha
Date: 01-04-2022 16:58:27
സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 30-03-2022

ഫയൽ നം. ബി3/420/2018/ആയുഷ്.

ഇനം നം: 641

വിഷയം : ആയുഷ് വകുപ്പ് - പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി. സജിത കെ ജി-യെ 26.07.2004 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

Rajan 30.3.2022

Jt Secretary (AYUSH)

641

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | ബി3/420/2018/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (ബി) വകുപ്പ് |
| 3. വിഷയം | പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി.സജിത കെ.ജി-യെ 26/07/2004 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 11.03.2022. |
| 5.i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. വിജയകുമാർ എസ്. |
| 8. കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. രാജൻ എൻ ഖോബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 18.03.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21.03.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.03.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 25.03.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി.സജിത.കെ.ജി.-യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി.സജിത കെ.ജി., ഫയൽ ചെയ്ത റ്റി.എ. നം.826/2013 (WP(C),OPNo.6392/2007) ന്മേലുള്ള 16.10.2018-ലെ ഉത്തരവിൽ, രണ്ടാം എതിർകക്ഷിയായ ഹോമിയോപ്പതി ഡയറക്ടർ, പാർട്ട് ടൈം സ്വീപ്പറായി സ്ഥിരപ്പെടുത്തണമെന്ന ശ്രീമതി.സജിത കെ.ജി.-യുടെ ആവശ്യം 25/11/2005 തീയ്യതിയിലെ സ.ഉ.(പി)നം.501/2005/ധന-യുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ പ്രൊപ്പോസൽ ഒരു മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും മേൽ പ്രൊപ്പോസൽ ഒന്നാം എതിർകക്ഷിയായ ആയുഷ് സെക്രട്ടറി പരിശോധിച്ച് മൂന്ന് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും ഉത്തരവായിരുന്നു.

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സഹിതം ധനകാര്യ വകുപ്പിൽ അയച്ചപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ അതേ തിയ്യതിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ തുടർച്ചയായി ജോലി നോക്കി വരുന്ന വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. ശ്രീമതി.സജിത കെ.സി. 1999 മുതൽ 2006 ഫെബ്രുവരി വരെയുള്ള കാലയളവിൽ ഇടവിട്ടാണ് ജോലി നോക്കി വന്നിരുന്നത്. മാത്രമല്ല 19/12/2006 തിയ്യതിയിലാണ് പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം ഉദ്ഘാടനം ചെയ്തതായി കാണുന്നത്. അതിനാൽ 25/11/2005 തിയ്യതിയിൽ സ്വീപ്പിങ്ങ് ഏരിയ 100 ച.മീ ഉണ്ടായിരുന്നോ എന്നും വ്യക്തമല്ല. അതിനാൽ ശ്രീമതി.സജിത.കെ.സി.യെ 25/11/2005 തിയ്യതിയിലെ സ.ഉ(പി)നം.501/2005/ധന ഉത്തരവിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് സ്ഥിരപ്പെടുത്താൻ കഴിയില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. ടി സാഹചര്യത്തിൽ 16.10.2018-ലെ റ്റി.എ. നം.826/2013- നമ്പർ കേസിന്റെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ

ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

4) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് ശ്രീമതി.സജിത കെ.ജി., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ടി.എ. നം.826/2013 – ന്മേലുള്ള 16.10.2018 -ലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ സർക്കാർ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ മേൽ കേസിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് വ്യർത്ഥമായിരിക്കുമെന്നും സർക്കാരിനെതിരെ പരാമർശമുണ്ടാകുമെന്നും വ്യവഹാരചെലവുണ്ടാകുമെന്നും അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അറിയിച്ചിരുന്നു.

5) ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി :

"ഭരണ വകുപ്പിന്റെ ഫയൽ പരിശോധിച്ചതിൽ നിന്നും T.A No. 826/2013 -ാം നമ്പർ കേസിൽ ഹർജികക്ഷി 26/07/2004 മുതൽ പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ജോലി ചെയ്തു വന്നിരുന്നുവെന്നും ടി സ്ഥാപനത്തിൽ അംഗീകൃത കാഷ്വൽ പാർട്ട്-ടൈം സ്വീപ്പർ തസ്തിക ഉണ്ടായിരുന്നതായുമുള്ള വസ്തുതകൾ എതിർ കക്ഷികൾ അംഗീകരിച്ചിരുന്നതായി കാണുന്നു. ടിയാൾ തുടർച്ചയായി പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നില്ലായെന്ന് വാദമുന്നയിച്ചുവെങ്കിലും ആയത് സാധൂകരിക്കത്തക്ക രേഖകളൊന്നും തന്നെ ബഹു. ട്രൈബ്യൂണൽ മുമ്പാകെ ഹാജരാക്കിയിരുന്നില്ലായെന്നും കാണുന്നു. ധന വകുപ്പിന്റെ Note #14 ലെ അഭിപ്രായത്തിൽ 19/12/2006 തീയതിയിലാണ് പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം ഉദ്ഘാടനം ചെയ്തതായി കാണുന്നതെന്നും സ.ഉ(പി)നം. 501/2005/ധന ഉത്തരവ് പുറപ്പെടുവിച്ച 25/11/2005 തീയതിയിൽ സ്വീപ്പിംഗ് ഏരിയ 100 ച.മീ ഉണ്ടായിരുന്നോ എന്നത് വ്യക്തമല്ല എന്നുമാണ് പരാമർശിച്ചിട്ടുള്ളത്. എന്നാൽ മേൽ വസ്തുത ട്രൈബ്യൂണൽ മുമ്പാകെ T.A No. 826/2013 ൽ ഉന്നയിച്ചതായോ ആയത് സാധൂകരിക്കുവാൻ ഉതകുന്ന രേഖകൾ ഹാജരാക്കിയതായോ ഭരണ വകുപ്പിന്റെ ഫയലിൽ നിന്നും വ്യക്തമല്ല. ശ്രീമതി. സജിത. കെ. ജി – യെ സ്ഥിരപ്പെടുത്തുന്നതിനായി ഹോമിയോപ്പതി ഡയറക്ടറുടെ 06/12/2010 തീയതിയിലെ ശിപാർശയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റിലും 100 ച. മീറ്ററിനു മുകളിൽ പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിക്ക് സ്വീപ്പിംഗ് ഏര്യ ഉള്ളതായി കാണിച്ചിട്ടുണ്ട്. കൂടാതെ Ext.R2(b) ആയി ഹാജരാക്കിയ 09/02/2007 തീയതിയിലെ പിഡബ്ല്യുഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് പ്രകാരം ഡിസ്പെൻസറിയുടെ സ്വീപ്പിംഗ് ഏരിയ 120.21.sq.mtrs വിസ്തീർണ്ണമുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ T.A No. 826/2013 നമ്പർ കേസിൽ 16/10/2018

തീയതിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ അപ്പീൽ സാദ്ധ്യത വിരളമാണെന്നും കാഷ്വൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായുള്ള മാർഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ള 25/11/2005 ലെ GO(P)No. 501/2005/Fin, 09/02/2010 - ലെ GO(P) No. 61/2010/Fin, 10/04/2018 - ലെ GO (P)No.58/2018/Fin തുടങ്ങിയ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ T.A No. 826/2013 ലെ ട്രൈബ്യൂണൽ ഉത്തരവ്/ പാലിക്കുന്നതിനായുള്ള ഉചിതമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്".

6) ശ്രീമതി.സജിത കെ.ജി., ജോലിയിൽ പ്രവേശിച്ച തീയതിയായ 26.7.2004 പ്രാബല്യത്തിൽ ടിയാളെ സ്ഥിരപ്പെടുത്താവുന്നതാണെന്ന് 11.02.2022 തീയതിയിലെ 2500/EB1/2007/DH നമ്പർ കത്ത് പ്രകാരം ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

7) ശ്രീമതി.സജിത കെ.ജി. ഫയൽ ചെയ്ത റ്റി.എ.നം.826/2013-(WP(C)/OP No.6392/2007) ന്മേലുള്ള 16.10.2018-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൾ ജോലിയിൽ പ്രവേശിച്ച 26.7.2004 മുതൽ സ്ഥിരപ്പെടുത്താവുന്നതാണെന്ന ഹോമിയോപ്പതി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അഡ്വക്കേറ്റ് ജനറലിന്റേയും നിയമ വകുപ്പിന്റേയും അഭിപ്രായം കണക്കിലെടുത്തും 26.07.2004 മുതൽക്ക് ശ്രീമതി.സജിത.കെ.ജി.-യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## **തീരുമാനിക്കേണ്ട സംഗതി**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ റ്റി.എ. നം.826/2013 (WP(C)/OPNo.6392/2007) കേസിന്മേലുള്ള 16.10.2018-ലെ ഉത്തരവ് നടപ്പിലാക്കികൊണ്ട് പെരുങ്കടവിള സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി.സജിത.കെ.ജി.-യെ 26.07.2004 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവാകാമോ?